# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 890** — **30.01.2019-ൽ മറുപടിയ്ക്ക്.**

## ക്ഷീര സംഘങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.വി. അബ്ദുറഹിമാൻ** | **ശ്രീ.കെ രാജു**<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് പുതിയ ക്ഷീര സംഘങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വിശദവിവരം അറിയിക്കുമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 77 പുതിയ ക്ഷീര സംഘങ്ങൾ ആരംഭിച്ചിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) പുതിയ ക്ഷീര സംഘങ്ങൾ ആരംഭിക്കുന്നതിനുള്ള നിബന്ധനകൾ എന്തെല്ലാമാണ്; വിശദവിവരം ലഭ്യമാക്കാമോ? | (ബി)<br>1) പുതുതായി രൂപീകരിക്കാനുദ്ദേശിക്കുന്ന ക്ഷീര സഹകരണ സംഘത്തിന്റെ പ്രവർത്തന മേഖല, നിലവിൽ പ്രവർത്തിക്കുന്നതോ, നിലവിൽ രൂപീകരണത്തിലുള്ളതോ ആയ ഏതെങ്കിലും ക്ഷീര സഹകരണ സംഘത്തിന്റെ പ്രവർത്തന മേഖലയിൽപ്പെട്ടതാകാൻ പാടില്ല.<br>2) പുതുതായി രൂപീകരിക്കാനുദ്ദേശിക്കുന്ന ക്ഷീര സഹകരണ സംഘത്തിന്റെ പ്രവർത്തന മേഖലയിൽ വേണ്ടത്ര ക്ഷീരകർഷകർ ഉണ്ടെന്നും, വേണ്ടത്ര കറവമാടുകളെ വളർത്തുന്നുണ്ടെന്നും, പ്രവർത്തന മേഖലയിൽ നിന്നും സംഘം ആദായകരമായി പ്രവർത്തിക്കാനാവശ്യമായ പാൽ സംഭരിക്കാൻ കഴിയുമെന്നും ഒരു പ്രാഥമിക സർവേ നടത്തി ഉറപ്പാക്കേണ്ടതുണ്ട്.<br>3) പുതുതായി രജിസ്റ്റർ ചെയ്യുന്ന ക്ഷീര സഹകരണ സംഘങ്ങൾ ആനന്ദ് മാതൃകാ ബൈലോ അനുസരിച്ച് മാത്രമേ പ്രവർത്തിക്കാൻ കഴിയുകയുള്ളൂ.<br>4) പുതുതായി രൂപീകരിക്കാനുദ്ദേശിക്കുന്ന ക്ഷീര സഹകരണ സംഘത്തിന്റെ പ്രവർത്തന മേഖലയിൽപ്പെട്ട വ്യത്യസ്ത കുടുംബങ്ങളിൽപ്പെട്ട, പ്രായ പൂർത്തിയായ, 25-ൽ കുറയാത്ത വ്യക്തികൾ ഒപ്പിട്ട അപേക്ഷ ജില്ലയിലെ ക്ഷീര വികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിച്ചാൽ അപേക്ഷ പരിശോധിച്ച്, സംഘം രൂപീകരിയ്ക്കുന്നതിനാവശ്യമായ നിയമാനുസൃത നടപടികൾ സ്വീകരിക്കുകയും, അപേക്ഷകർക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും സഹായങ്ങളും നല്കുന്നതുമാണ്. |

**സെക്ഷൻ ഓഫീസർ**

## ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി രൂപീകരിച്ച ക്ഷീര സംഘങ്ങളുടെ പട്ടിക

| ക്രമ നം | ജില്ല | പുതുതായി രൂപീകരിച്ച ക്ഷീരസംഘങ്ങൾ | റിമാർക്സ് |
|---|---|---|---|
| 1 | തിരുവനന്തപുരം | 1 | - |
| 2. | കൊല്ലം | 7 | - |
| 3. | പത്തനംതിട്ട | 2 | - |
| 4. | ആലപ്പുഴ | 4 | - |
| 5. | കോട്ടയം | 9 | - |
| 6. | ഇടുക്കി | 4 | - |
| 7. | എറണാകുളം | 3 | - |
| 8. | തൃശ്ശൂർ | 8 | - |
| 9. | പാലക്കാട് | 8 | - |
| 10. | മലപ്പുറം | 14 | - |
| 11. | കോഴിക്കോട് | 10 | - |
| 12. | വയനാട് | 0 | - |
| 13. | കണ്ണൂർ | 6 | - |
| 14. | കാസർഗോഡ് | 1 | - |
| | ആകെ | 77 | |

സെക്ഷൻ ഓഫീസർ